**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഉപയോഗശൂന്യമായ ജലസംഭരണി ടാങ്കുകൾ പൊളിച്ചുനീക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം. കെ. മുനീർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജല അതോറിറ്റിയുടെ ഉടമസ്ഥതയിൽ എത്ര ഉപയോഗശൂന്യമായ ജലസംഭരണി ടാങ്കുകളുണ്ടെന്നുള്ള കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | (പട്ടിക താഴെ) |
| (ബി) | പഴക്കംമൂലം അപകടാവസ്ഥയിലായ ഈ ടാങ്കുകൾ പൊളിച്ച നീക്കുന്നതിനുള്ള പ്രത്യേക പദ്ധതികളോ നടപടികളോ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പഴക്കംമൂലം അപകടാവസ്ഥയിലായ ടാങ്കുകൾ പൊളിച്ച നീക്കുന്നതിനുള്ള നടപടികൾ ലഭ്യമായ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിലവിലെ ചട്ട പ്രകാരം സ്വീകരിച്ച വരുന്നു. ഇതിനായി പ്രത്യേക പദ്ധതികൾ നിലവിൽ രൂപീകരിച്ചിട്ടില്ല. |
| (സി) | കൊതുകുകളുടെ വളർച്ചയ്ക്ക് പ്രധാന കേന്ദ്രങ്ങളായി മാറിയിരിക്കുന്ന ഇത്തരത്തിലുള്ള ടാങ്കുകൾ പൊതുജനങ്ങളിൽ കൊതുകുജന്യ രോഗങ്ങൾ വ്യാപിക്കുന്നതിന് കാരണമാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പ്രസ്തുത ടാങ്കുകളിലെല്ലാം ജലസംഭരണമില്ലാത്തതിനാൽ കൊതുക് ജന്യരോഗങ്ങൾ വ്യാപിക്കുന്നതിനുള്ള സാഹചര്യം കാണുന്നില്ല. എന്നിരുന്നാലും ഇത്തരം ടാങ്കുകളിൽ മഴവെള്ളം മുഖേനയോ മറ്റ് സാഹചര്യങ്ങളിൽ കൂടിയോ ജലം കെട്ടികിടക്കുകയാണെങ്കിൽ അത്തരം സാഹചര്യങ്ങൾ അടിയന്തരമായി തീർപ്പാക്കാൻ |

(എ) ഉത്തരം:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 8 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 20 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 13 |
| 7 | എറണാകുളം | 27 |
| 8 | തൃശ്ശൂർ | 8 |
| 9 | പാലക്കാട് | 22 |
| 10 | മലപ്പുറം | 9 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 11 |
| 14 | കാസർകോട് | 10 |
| **ആകെ** | | **161** |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്. |
| (ഡി) | പൊതുജനാരോഗ്യത്തിന് ഗുരുതര ഭീഷണിയായിരിക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പൊതുജനാരോഗ്യത്തിന് ഗുരുതര ഭീഷണിയാകുന്ന സാഹചര്യമോ കാലപ്പഴക്കം മൂലം തകർന്ന് വീഴുന്ന സാഹചര്യമോ ശ്രദ്ധയിൽ പെട്ടാൽ അത്തരം ടാങ്കുകൾ അടിയന്തരമായി പൊളിച്ച് നീക്കം ചെയ്യാറുണ്ട് . |

സെക്ഷൻ ഓഫീസർ